# പ്രധാന വാർത്തകൾ

1. ഇന്ന് ഗാന്ധിജയന്തി ; ഗാന്ധിദർശനങ്ങൾ ലോകത്തിന് പുതിയ മാർഗ്ഗം കാണിച്ചു കൊടുത്തതായി രാഷ്ട്രപതി ദ്രൗപദി മുർമു.

   Today is Gandhi Jayanti; President Draupadi said that Gandhi's visions showed the world a new path.

2. ഗാന്ധിജയന്തിക്ക് മുന്നോടിയായുള്ള സ്വച്ഛതാ ഹി സേവാ അഭിയാന് നേതൃത്വം നല്കി പ്രധാനമന്ത്രി നരേന്ദ്രമോദി ; രാജ്യത്തുടനീളം നടന്നത് ഏഴ് ലക്ഷത്തിലധികം ശുചീകരണ പരിപാടികൾ.

   Prime Minister Narendra Modi led the Swachhta Hi Seva Abhiyaan ahead of Gandhi Jayanti; More than 7 lakh cleaning programs were held across the country

3. പ്രധാനമന്ത്രി ഇന്ന് രാജസ്ഥാനിൽ 7,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തറക്കല്ലിടും ; മധ്യപ്രദേശിൽ 19,260 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

   Prime Minister will lay foundation stone for Rs 7,000 crore development projects in Rajasthan today; 19,260 crore projects will be inaugurated in Madhya Pradesh

4. "ഉയരാം ഒത്തുചേർന്ന് " എന്ന പ്രമേയവുമായി സംഘടിപ്പിക്കുന്ന സാമൂഹ്യ ഐക്യദാർഢ്യ

പക്ഷാചരണം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

Chief Minister Pinarayi Vijayan will inaugurate the Samoohya Aikydardya Papshacharanam with the theme "Uyaram Othuchernnu"

5. കേരളത്തിലും ലക്ഷദ്വീപിലും ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

Meteorological Department said heavy rain is likely in Kerala and Lakshadweep today.

6. ഏഷ്യൻ ഗെയിംസിൽ മെഡൽനേട്ടം 53 ആയി ഉയർത്തി ഇന്ത്യ ; ഇന്നലെ മാത്രം നേടിയത് 15 മെഡലുകൾ.

India raised medal tally to 53 in the Asian Games; Won 5 medals yesterday.

*************************

**HEADLINE-1**

## GANDHI JAYANTHI

ഇന്ന് ഗാന്ധി ജയന്തി. രാജ്യം ഇന്ന് രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 154-ാം ജന്മവാർഷികദിനം ആഘോഷിക്കുന്നു. ഗാന്ധിജിയുടെ ദർശനങ്ങളും ആദർശങ്ങളും ഓർമിപ്പിച്ച് രാജ്യവ്യാപകമായും ലോകത്തിന്റെ നാനാ ഭാഗങ്ങളിലും വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗദീപ് ധൻകറും ഏവർക്കും ഗാന്ധിജയന്തി ആശംസകൾ നേർന്നു. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ഗാന്ധിജിയുടെ ആദർശങ്ങൾ ലോകത്തിനു പുതിയ പാത കാണിച്ചു കൊടുത്തതായി രാഷ്ട്രപതി ആശംസ സന്ദേശത്തിൽ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി

ഇന്ന് രാജ്ഘട്ടിലെത്തി രാഷ്ട്രപിതാവിന് ശ്രദ്ധാഞ്ജലി അർപ്പിക്കും. ഐക്യരാഷ്ട്ര സഭ ഇന്നേ ദിവസം അന്താരാഷ്ട്ര അഹിംസാദിനം ആയി ആചരിക്കുകയാണ്.

************************

**HEADLINE-2**

## SWACHHATA HI SEVA ABHIYAN (INTRO)

ഗാന്ധിജയന്തിക്ക് മുന്നോടിയായുള്ള മഹാ ശുചിത്വ യജ്ഞത്തിൽ രാജ്യത്തെ നയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വച്ഛതാ ഹി സേവാ അഭിയാന്റെ ഭാഗമായി രാജ്യത്തുടനീളം 7 ലക്ഷത്തിലധികം ശുചീകരണ പരിപാടികൾ ഇന്നലെ നടന്നു.

**വിശദാംശങ്ങളിലേയ്ക്ക്...........**

(വോയ്സ്)

*മഹാത്മാഗാന്ധിയുടെ ജന്മദിനത്തലേന്ന് അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ രാവിലെ ഒരു മണിക്കൂർ ശ്രമദാനം നടത്താൻ ശ്രീ മോദി പൗരന്മാരോട് അഭ്യർത്ഥിച്ചിരുന്നു. രാജ്യത്തുടനീളമുള്ള ചന്തകൾ, റെയിൽവേ ട്രാക്കുകൾ, ജലാശയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ പങ്കെടുത്തു. യജ്ഞത്തിന്റെ ഭാഗമായി നഗര- ഗ്രാമ ഭേദമെന്യേ ആറ് ലക്ഷത്തി 40 ആയിരത്തിലധികം സ്ഥലങ്ങളിൽ ശുചീകരണം നടന്നു. സ്വച്ഛതാ ഹി സേവ 2023 ന്റെ ഭാഗമായി കേരളത്തിലും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു. സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ സ്വച്ഛ ഭാരത്*

*മിഷനെക്കുറിച്ച് നടത്തുന്ന സംയോജിത ബോധവത്കരണ പരിപാടിയുടെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ നിർവ്വഹിച്ചു. ശുചിത്വ ഭാരതം രാജ്യത്തെ ഒരുമിപ്പിച്ചുവെന്നും സമൂഹത്തിന്റെ വിവിധ തലങ്ങളിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടു ണ്ടെന്നും വി.മുരളീധരൻ പറഞ്ഞു.*

**ന്യൂസ് ഡസ്ക്, ആകാശവാണി...**

*************************

## LAL BAHADUR SHASTRI

രാഷ്ട്രം ഇന്ന് മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ ജന്മ വാർഷിക ദിനം ആഘോഷിക്കുന്നു. 1904 ഒക്ടോബർ രണ്ടാണ് ശാസ്ത്രിയുടെ ജന്മദിനം. **ജയ് ജവാൻ ജയ് കിസാൻ** എന്ന മുദ്രാവാക്യം രാജ്യത്തിന് സമ്മാനിച്ചത് അദ്ദേഹമാണ്.

*************************

## PM - GREETINGS

മഹാത്മഗാന്ധിയുടെയും ലാൽ ബഹദൂർ ശാസ്ത്രി യുടെയും ജന്മദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗാന്ധിജിയുടെ ചിന്തകൾ ലോകത്തിന് മുഴുവൻ പ്രചോദനം നല്കിയതായി പ്രധാനമന്ത്രി പറഞ്ഞു. ഗാന്ധിജിയ്ക്ക് ജനങ്ങളുമായുള്ള ബന്ധവും തിരിച്ച് ജനങ്ങളെ ബന്ധിപ്പിക്കാനുള്ള ശേഷിയും അദ്ദേഹത്തിന്റെ പ്രത്യേകതയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ ചരിത്രത്തിലെ നിർണ്ണായക സമയത്ത് ലാൽ ബഹദൂർ ശാസ്ത്രി നല്കിയ ശക്തമായ നേതൃത്വം എന്നും ഓർമ്മിക്കപ്പെടുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

************************

**HEADLINE-3**

## PM VISIT-CHITTORGARH & GWALIOR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജസ്ഥാനും മദ്ധ്യപ്രദേശും സന്ദർശിക്കും. രാജസ്ഥാനിലെ ചിറ്റോർഗഡിൽ 7,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. മധ്യപ്രദേശിലെ ഗ്വാളിയറിൽ 19,260 കോടി രൂപയുടെ സംരംഭങ്ങൾ നാടിന് സമർപ്പിക്കും. വാതക അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചുവടുവയ്പ്പായ, രാജസ്ഥാനിലെ മെഹ്‌സാന-ഭട്ടിൻഡ-ഗുരുദാസ്പൂർ ഗ്യാസ് പൈപ്പ്ലൈൻ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും. അബു റോഡിൽ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ◌ിന്റെ എൽ.പി.ജി പ്ലാന്റും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഇരട്ടിപ്പിച്ച ചിറ്റോർഗഡ്-നീമച്ച് റെയിൽ പാത, വൈദ്യുതീകരിച്ച കോട്ട - ചിറ്റോർഗഡ് റെയിൽ പാത, എൻ.എച്ച് -12 ലെ നാലുവരിപ്പാത എന്നിവയും രാഷ്ട്രത്തിന് സമർപ്പിക്കും. ഉച്ചകഴിഞ്ഞ് ഗ്വാളിയറിൽ വിവിധ വികസന സംരംഭങ്ങളുടെ തറക്കല്ലിടലും ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിക്കും. ഡൽഹി-വഡോദര അതിവേഗപാത, അഞ്ച് വ്യത്യസ്ത റോഡ് പദ്ധതികൾ എന്നിവയ്ക്ക് അദ്ദേഹം തറക്കല്ലിടും. പി.എം.എ.വൈ ഗ്രാമീണിന് കീഴിൽ നിർമ്മിച്ച രണ്ടേകാൽ ലക്ഷത്തിലധികം വീടുകളുടെ ഗൃഹപ്രവേശനത്തിന് പ്രധാനമന്ത്രി തുടക്കം കുറിയ്ക്കും.

************************

## INDIAN EMBASSY IN RIYADH

സ്വച്ഛതാ ഹി സേവാ പ്രചാരണത്തിന്റെ ഭാഗമായി റിയാദിലെ ഇന്ത്യൻ എംബസിയും. അംബാസഡർ

സുഹേൽ ഖാൻ, ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ അബു മാത്തൻ ജോർജ് എന്നിവരുടെ നേതൃത്വത്തിൽ എംബസി ഓഫീസും പരിസരവും ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. സ്വച്ഛത പ്രതിജ്ഞയോടെയാണ് പരിപാടികൾ ആരംഭിച്ചത്.

************************

## FIT INDIA

ഫിറ്റ് ഇന്ത്യ സ്വച്ഛത ഫ്രീഡം റണ്ണിന്റെ നാലാമത് പതിപ്പ് യുവജനകാര്യ, കായിക സഹമന്ത്രി നിസിത് പ്രമാണിക് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. ഈ മാസം 31 വരെയാണ് കാമ്പയിൻ. അമിതവണ്ണം, അലസത, സമ്മർദ്ദം, ഉത്കണ്ഠ, രോഗങ്ങൾ എന്നിവയിൽ നിന്ന് മോചനം നേടാൻ ജനങ്ങളെ സഹായിക്കാനും ഫിറ്റ്നസ് പ്രോത്സാഹിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

************************

## GST

കഴിഞ്ഞ മാസം രാജ്യത്തെ ചരക്കു സേവന നികുതി വരുമാനം ഒരു ലക്ഷത്തി 62 ആയിരത്തി 712 കോടി രൂപ. ഇതിൽ കേന്ദ്ര ചരക്കു സേവന നികുതി **29,818** കോടി രൂപയും സംസ്ഥാന ചരക്കു സേവന നികുതി **37,657** കോടി രൂപയും സംയോജിത ചരക്കു സേവന നികുതി **83,623** കോടി രൂപയും സെസ് **11,613** കോടി രൂപയുമാണ്. കഴിഞ്ഞ വർഷം സെപ്റ്റംബറിലെ വരുമാനത്തേക്കാൾ 10 ശതമാനം കൂടുതലാണ് ഇത്തവണത്തെ ജിഎസ്ടി വരുമാനം.

************************

**HEADLINE-4**

## CM - SOLIDARITY PARTY

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം ഇന്ന് രാവിലെ എറണാകുളം ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. "ഉയരാം ഒത്തുചേർന്ന് " എന്നതാണ് പക്ഷാചരണ പ്രമേയം. ഹോം ഇ സർവേ, ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ്സു വരെയുള്ള പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച കെടാവിളക്ക് സ്കോളർഷിപ്പ് പോർട്ടൽ എന്നിവയും ഉദ്ഘാടനം ചെയ്യും. നിയമ ബിരുദധാരികളായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും പ്രവൃത്തി പരിചയത്തിന് ഓണറേറിയത്തോടുകൂടി നിയമിക്കുന്ന ജസ്റ്റിസ് വെൽഫയർ ആന്റ് ലീഗൽ അസിസ്റ്റൻസ് പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി പി.രാജീവ് നിർവഹിക്കും.

************************

## KOCHI AIRPORT-CM

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആധുനികവത്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. അടിസ്ഥാന സൗകര്യ വികസനം, യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ്, വിനോദസഞ്ചാര

സാധ്യത തുടങ്ങിയവ മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ഇംപോർട്ട് കാർഗോ ടെർമിനൽ, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള എയ്റോ ലോഞ്ച് തുടങ്ങിയവയാണ് ഉദ്ഘാടനത്തിന് ഒരുങ്ങുന്നത്.

************************

## CANCER SPECIALTY BLOCK

എറണാകുളം ജനറൽ ആശുപത്രിയിൽ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ ധനസഹായത്തോടെ 25 കോടി രൂപ ചെലവിൽ നിർമ്മിച്ച ആധുനിക കാൻസർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി നിർവഹിക്കും. 105 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം 6 നിലകളുള്ള ബ്ലോക്കിൽ ഉണ്ടാകും. കാൻസർ ഐസിയു, കീമോതെറാപ്പി യൂണിറ്റ്, സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പ്രത്യേക വാർഡ്, രക്തത്തിലെ പ്ലേറ്റ്ലെറ്റിന്റെ അളവ് കുറഞ്ഞാൽ അടിയന്തിര ചികിത്സ നൽകുന്നതിനുള്ള ന്യൂട്രോപ്പീനിയ ഐസിയു എന്നിവയും ബ്ലോക്കിൽ സജ്ജമാക്കിയിട്ടുണ്ട്.

************************

**HEADLINE-5**

## RAIN FORECAST-TODAY (INTRO)

കേരളത്തിലും ലക്ഷദ്വപിലും ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ള മലയോര തീരദേശ മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

വിശദാംശങ്ങളിലേയ്ക്ക്.....

(വോയ്സ്)

*കേരളത്തിൽ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മഴ ശക്തി പ്രാപിക്കാൻ സാധ്യതയുള്ള മലയോര തീരദേശ മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തേണ്ടതാണെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നലെ രാവിലെ മുതൽ പെയ്ത കനത്ത മഴയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് വീടുകളിൽ വെള്ളം കയറി. പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലാണ് വെള്ളം കയറിയത്. തിരുവനന്തപുരം വിതുര സ്വദേശി സോമനെ പാലത്തിലൂടെ സ്കൂട്ടറിൽ സഞ്ചരിക്കവെ ഒഴുക്കിൽപ്പെട്ട് കാണാതായി. കനത്ത മഴയിൽ കോട്ടയം ജില്ലയിൽ മൂന്ന് വീടുകൾക്ക് ഭാഗികമായ നാശനാശ നഷ്ടം സംഭവിച്ചിട്ടുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 25 വീടുകൾ വെള്ളത്തിലായി. അഞ്ച് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. മീനച്ചിലാറ്റിലെ ജലനിരപ്പ് അപകടനിലയ്ക്കും മുകളിലാണ്. മലപ്പുറം കൊണ്ടോട്ടിയിൽ കനത്ത മഴയിൽ വീടിനുമുകളിലേക്ക് ചുറ്റുമതിൽ തകർന്നുവീണു. വേട്ടേക്കോട്- ഒടുവങ്ങാട് റോഡിലേക്ക് മണ്ണിടിഞ്ഞുവീണ് ഗതാഗതം തടസ്സപ്പെട്ടു. ബിഹാർ, ജാർഖണ്ഡ്, ഒഡീഷ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലും ഇന്ന് അതിശക്തമായ മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.*

***ന്യൂസ് ഡസ്ക്, ആകാശവാണി...***

*************************

## EKM-MEDICAL COLLEGE

എറണാകുളം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ 17 കോടി രൂപയുടെ 36 പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ഗുരുതരമായി പൊള്ളൽ ഏൽക്കുന്ന രോഗികൾക്കായി പ്രത്യേക

യൂണിറ്റ്, മൊബൈൽ റേഡിയോഗ്രാഫി തുടങ്ങിയവയാണ് ഇന്ന് ഉദ്ഘാടനം ചെയ്യുന്നത്. പരിപാടിയിൽ മന്ത്രി പി. രാജീവ് അധ്യക്ഷനാകും.

************************

## A K SASEENDRAN

കേരള സംസ്ഥാനതല വന്യജീവി വാരാഘോഷം ഇന്ന് മന്ത്രി എ കെ ശശീന്ദ്രൻ തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ ഉദ്ഘാടനം ചെയ്യും. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് 48 ഇനങ്ങളിലായി 479 പക്ഷിമൃഗാദികളെ എത്തിക്കും.

************************

**HEADLINE-6**

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ മെഡൽനേട്ടം 53 ആയി ഉയർത്തി ഇന്ത്യ. ഇന്നലെ മാത്രം നേടിയത് 15 മെഡലുകൾ. പുരുഷ ബാഡ്മിന്റൺ ടീം ഇനത്തിൽ ഇന്ത്യ വെള്ളി നേടി. ഗെയിംസ് ചരിത്രത്തിലാദ്യമായാണ് ഇന്ത്യ ബാഡ്മിന്റൺ ഫൈനലിൽ കടന്നത്. നേരത്തെ സ്റ്റീപിൾ ചേസിൽ അവിനാഷ് സാബ്ലെയും ഷോട്പുട്ടിൽ തേജീന്ദർപാൽ സിംഗും സ്വർണം നേടിയിരുന്നു. ലോങ്ജംപിൽ മലയാളി താരം എം. ശ്രീശങ്കർ വെള്ളി നേടി. 8.19 മീറ്റർ ദൂരം ചാടിയാണ് ശ്രീശങ്കറിന്റെ വെള്ളിനേട്ടം. 1500 മീറ്ററിൽ ജിൻസൺ ജോൺസൻ വെങ്കലം സ്വന്തമാക്കി. ഹാങ്ചോ ഏഷ്യൻ ഗെയിംസിൽ 13 സ്വർണവും 21 വെള്ളിയും 19 വെങ്കലവുമായി ഇന്ത്യ നാലാം സ്ഥാനത്താണ്.

*************************

**ISL**

ഐഎസ്എൽ ഫുട്ബോളിൽ കേരളത്തിന് തുടർച്ചയായ രണ്ടാം ജയം. ഇന്നലെ കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ മറുപടിയില്ലാത്ത ഒരു ഗോളിനാണ് കേരള ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂർ എഫ് സിയെ പരാജയപ്പെടുത്തിയത്.

*********************************************************************
********